പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | | |
|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5527** | | **01.07.2014 ൽ മറുപടിയ്ക്ക്** |

## യുവജനമേളകൾ സംഘടിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു.റ്റി.തോമസ് :<br>ശ്രീ. സി.കെ. നാണു :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീമതി. ജമീല പ്രകാശം : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ യുവജനമേളകൾ സംഘടിപ്പിച്ചിരുന്നോ ; | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കേരളോത്സവം എന്ന പേരിൽ യുവജനമേളകൾ സംഘടിപ്പിച്ചിരുന്നു. |
| (ബി) എങ്കിൽ ഏതൊക്കെ തലങ്ങളിലാണ് പ്രസ്തുത മേളകൾ സംഘടിപ്പിച്ചിരുന്നത് ; | (ബി) ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിലായാണ് കേരളോത്സവം സംഘടിപ്പിച്ചിരുന്നത്. |
| (സി) പ്രസ്തുത മേളകളോടനുബന്ധിച്ചുള്ള മത്സരങ്ങളിൽ ഓരോ തലത്തിലും എത്ര യുവാക്കൾ പങ്കെടുത്തു ; പ്രസ്തുത മേളകളുടെ നടത്തിപ്പിന് എത്ര തുക വീതം ചെലവഴിച്ചു ; വ്യക്തമാക്കാമോ ; | (സി) ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ 10 ലക്ഷത്തിലധികവും, ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ 2 ലക്ഷത്തിലധികവും, കോർപ്പറേഷൻ തലങ്ങളിൽ ഇരുപതിനായിരത്തിൽ അധികവും, ജില്ലാ തലങ്ങളിലായി ഒന്നര ലക്ഷത്തിലധികവും, സംസ്ഥാനതലത്തിൽ ആറായിരത്തോളവും യുവജനങ്ങൾ ഓരോ വർഷവും പങ്കെടുക്കാറുണ്ട്.<br>കേരളോത്സവം നടത്തിപ്പിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും താഴെപ്പറയുന്ന രീതിയിൽ ഗ്രാന്റ് അനുവദിക്കാറുണ്ട്. ഗ്രാമ പഞ്ചായത്ത്-15,000/-, ബ്ലോക്ക് പഞ്ചായത്ത് - 30,000/-, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ - 30,000/-, ജില്ലാ പഞ്ചായത്ത് - 2,00,000/- എന്നിങ്ങനെയാണ് ഗ്രാന്റ് അനുവദിക്കുന്നത്. കൂടാതെ ടി കാര്യത്തിനായി അതാത് തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ തനത് ഫണ്ടിൽ നിന്നോ, പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കാനുള്ള സർക്കാർ അനുമതിയും ലഭ്യമാക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ചെലവഴിക്കപ്പെട്ട തുകയിൽ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമായി ഓരോ വർഷവും എത്ര തുക നൽകി ; ബന്ധപ്പെട്ട സംഘാടക സമിതികൾ എത്ര തുക വീതം സ്വരൂപിച്ച ; വ്യക്തമാക്കാമോ ? | (ഡി) | സംസ്ഥാന സർക്കാർ കേരളോത്സവത്തിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക ചുവടെ ചേർക്കുന്നു. |

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 2,40,00,000/- | 2,20,84,064/- |
| 2012-13 | 3,85,00,000/- | 3,52,50,606/- |
| 2013-14 | 4,00,00,000/- | 3,96,11,298/- |

സ.ഉ.(സാധാ) നം. 2172/13/ത.സ്വ.ഭ.വ, തീയതി 26.08.13 മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരളോത്സവം സംഘടിപ്പിക്കുന്നതിനായി ചുവടെ കൊടുത്തിരിക്കുന്നത് പ്രകാരം പരമാവധി തുക പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കാൻ യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| ഗ്രാമ പഞ്ചായത്ത് | 50,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | 1 ലക്ഷം രൂപ |
| മുനിസിപ്പാലിറ്റി | 1 ലക്ഷം രൂപ |
| കോർപ്പറേഷൻ | 1,20,000 രൂപ |
| ജില്ലാ പഞ്ചായത്ത് | 2 ലക്ഷം രൂപ |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്പോൺസർഷിപ്പ് വഴിയും അല്ലാതെയും സ്വന്തമായി സ്വരൂപിച്ച തുകയും കൂടി വിനിയോഗിച്ചാണ് കേരളോത്സവം സംഘടിപ്പിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം സ്വരൂപിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമല്ല.

സെക്ഷൻ ഓഫീസർ